## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4775

18 .12.2014-ൽ
മറുപടിയ്ക്ക്

# 'തളിപ്പറമ്പ് താലൂക്കിലെ ഭൂവുടമസ്ഥർക്ക് നികുതി അടയ്ക്കാൻ കഴിയാത്തിതിൻെറ കാരണം'

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) ഭൂമി കേരളം പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട തളിപ്പറമ്പ് താലൂക്കിലെ മാണിയൂർ അംശം വേശാല ദേശത്ത് താമസക്കാരായ ഭൂവുടമസ്ഥർക്ക് നികുതി (2014-15) യഥാസമയം അടയ്ക്കാൻ കഴിയാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (എ) റീസർവ്വേ സമയത്ത് കൈവശക്കാർക്ക് സ്ഥലത്തിൻെറ ജന്മാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ സാധിക്കാതെവന്നാൽ റീസർവ്വേ റിക്കാർഡുകളിൽ പേര് ഉൾപ്പെടുത്താൻ സാധിക്കാതെ വരുന്നു. റീസർവ്വേ സമയത്തും തുടർന്നുള്ള വെരിഫിക്കേഷൻ സമയത്തും തുടർന്ന് സർവ്വേ അതിരടയാള നിയമം 9 (2) വിജ്ഞാപനത്തെ തുടർന്നുള്ള റീസർവ്വേ പരാതികൾ സ്ഥിരീകരിക്കുന്ന സമയത്തും കൈവശക്കാർക്ക് വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ റീസർവ്വേ റിക്കാർഡുകളിൽ പേര് ഉൾപ്പെടുത്തുന്നതിന് അവസരം ലഭിച്ചിരുന്നു. എന്നാൽ ടി അവസരങ്ങൾ വിനിയോഗിക്കാതെ വന്ന കൈവശക്കാരുടെ ഭൂനികുതി സ്വീകരിക്കാൻ സാധിക്കാതെ വരുന്നു. |
| (ബി) പ്രസ്തുത ദേശത്ത് പുതുതായി നടത്തിയ സർവ്വേ പ്രകാരം പലരുടെയും ഭൂമിയുടെ ഉടമസ്ഥാവകാശം പഴയ ജന്മിമാരിൽ നിക്ഷിപ്തമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്; റീസർവ്വേ സമയത്തും തുടർന്നുള്ള പരാതി പരിഹാര വേളകളിലും കൈവശക്കാർക്ക് ജന്മാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ സാധിക്കാതെ വന്നാൽ ടി സ്ഥലത്തിൻെറ പഴയ സർവ്വേ റിക്കാർഡുകൾ പ്രകാരമുള്ള (അടങ്കൽ രജിസ്റ്റർ) ജന്മിയുടെ പേര് റീസർവ്വേ റിക്കാർഡുകളിൽ നിലനിറുത്തുന്നു. |
| (സി) റീസർവ്വേയിൽ വന്ന അപാകത പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; | (സി) റീസർവ്വേ റിക്കാർഡുകളിൽ പേര് ഉൾപ്പെടുത്താത്ത കൈവശക്കാർക്ക് ജന്മാവകാശം തെളിയിക്കുന്ന രേഖകളോടു കൂടി തളിപ്പറമ്പ് താലൂക്ക്, എൽ. ആർ. എം. അഡീഷണൽ തഹസീൽദാർക്ക് ഫോം നം. 8-ൽ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകി പ്രശ്നപരിഹാരം തേടുവാനുള്ള സംവിധാനം നിലവിലുണ്ട്. |

| | | |
|---|---|---|
| (ഡി) | 2013-വരെ നികുതി അടച്ചവരിൽ നിന്നു തന്നെ അതത് ഭൂമിയുടെ നികുതി സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) റീസർവ്വേ സമയത്ത് ജന്മാവകാശം തെളിയിക്കുന്ന രേഖകളോടെ റിക്കാർഡുകളിൽ പേര് ഉൾപ്പെടുത്താൻ സാധിക്കാതെ വന്ന കൈവശക്കാരിൽ നിന്നും നികുതി സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതാണ്. അവർക്ക് അഡീഷണൽ തഹസിൽദാർ മുമ്പാകെ എൽ.ആർ. എം. പ്രകാരം അപേക്ഷ കൊടുത്ത് രേഖകൾ ശരിയാക്കാവുന്നതും, അതിന് ശേഷം നികുതി ഒടുക്കാവുന്നതുമാണ്. |
| (ഇ) | നികുതി സ്വീകരിക്കാത്തതിനാൽ ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥർ ഇപ്പോഴനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമോ ? | (ഇ) ഭൂ ഉടമസ്ഥർക്ക് കൈവശസ്ഥലത്തിന്റെ ജന്മാവകാശം തെളിയിക്കുന്ന രേഖകളോടുകൂടി തളിപ്പറമ്പ് താലൂക്ക് എൽ.ആർ.എം. അഡീഷണൽ തഹസീൽദാർക്ക് ഫോം നം.8-ൽ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകി പ്രശ്നപരിഹാരം തേടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ